Janayugom 26.11.17

# കാർഷിക ഉപകരണമായി സോളാർ വാഹനം

കോഴിക്കോട്: സോളാർ പാനൽ ഘടിപ്പിച്ച വാഹനം കണ്ടപ്പോൾ കാഴ്ചക്കാർക്ക് കൗതുകം. വാഹനം ഓടിച്ച സാദിനടുത്ത് ആളുകൾ തടിച്ചുകൂടി. കാര്യം തിരക്കിയപ്പോൾ മറുപടി പറഞ്ഞത് സുഹൃത്ത് ബാസിം അക്തർ. ഇത് സോളാറിൽ ഓടുന്ന വാഹനം മാത്രമല്ല, ഒന്നാന്തരം കാർഷിക ഉപകരണം കൂടിയാണെന്ന മറുപടി കേട്ടപ്പോൾ ആളുകളുടെ ജിജ്ഞാസ വർധിച്ചു. ഒരു വർഷത്തെ കഠിന പ്രയത്നമുണ്ട് ബാസിമിനും സാദിനും ഈ വാഹനം പുറത്തിറക്കിയതിന് പിന്നിൽ.കുറഞ്ഞ ചിലവിലാണ് ഇവർ ഇതുണ്ടാക്കിയത്. ഇൻഡസ്ട്രിയിൽ നിന്ന് ബാക്കിയായ പൈപ്പ് വെൽഡ് ചെയ്താണ് വാഹനത്തിന്റെ ചെയ്സ് ഒരുക്കിയത്. കിളയ്ക്കുന്നതിനുള്ള സംവിധാനം പൈപ്പും കമ്പിയും ഉപയോഗിച്ചാണ് നിർമിച്ചത്. 24 വോൾട്ടിന്റെയും 16.4 വോൾട്ടിന്റെയും രണ്ട് സോളാർ പാനലുകളാണ് വാഹനത്തിൽ ഉപയോഗിച്ചത്. ബാറ്ററി, ഹബ് മോട്ടോർ, കണ്ട്രോളർ തുടങ്ങിയവയെല്ലാം ഉപയോഗിച്ചാണ് ബൈക്ക് നിർമിച്ചത്. കൊടുങ്ങല്ലൂർ ജി എച്ച് എസ് എസ് ഫോർ ബോയ്സ് സ്കൂൾ വിദ്യാർത്ഥികളാണ് ഇവർ.